(ബി) ടെക്നോ പാർക്കിൽ പ്രവർത്തനം ആരംഭിച്ച ഇന്റർനാഷണൽ ബിസിനസ് സർവീസ് ഗ്രൂപ്പ് സിസ് എയർ എമിറേറ്റ്സ് എന്നീ രണ്ടു വൻകിട വിദേശ കമ്പനികളുമായി ബിസിനസ് നടത്തുന്നുണ്ട്.

(സി) ടെക്നോ പാർക്കിന്റെ വിപുലീകരണത്തിലൂടെ 3000 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

32 (534) നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. വി. ബാലറാം : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഷെയർ വിൽക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശം നൽകുമോ;

(സി) നഷ്ടത്തിലായ പൊതുമേഖലാസ്ഥാപനങ്ങൾ ലാഭത്തിൽ നടത്തുവാൻ ഗവൺമെന്റിന് എന്തെല്ലാം പദ്ധതിയുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ബി.ഐ.എഫ്.ആർ അംഗീകരിച്ച പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുക, ചെറിയ തോതിൽ ഉള്ള മുതൽമുടക്കും പരിഷ്കരിച്ച സാങ്കേതിക വിദ്യയുംകൊണ്ട് ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളിൽ അതിനുള്ള നടപടി സ്വീകരിക്കുക, പലിശ കുറച്ച് മുതൽ മൊത്തമായി തിരിച്ചടക്കുവാൻ സാധിക്കുന്നവയിൽ അങ്ങനെ ചെയ്യുക, സർക്കാർ കടം മൂലധനമാക്കി മാറ്റി പലിശ ബാദ്ധ്യത കുറയ്ക്കുക, സമാനസ്വഭാവമുള്ളതോ എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ ആയ യൂണിറ്റുകളെ ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക, തുടങ്ങിയ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. പുനരുദ്ധാരണം ആവശ്യമായ വ്യവസായ വകുപ്പിന്റെ കീഴിൽ ഉള്ള സ്ഥാപനങ്ങൾക്ക് കുറഞ്ഞ പലിശനിരക്കിൽ തക്കസമയത്ത് ധനസഹായം നൽകുവാൻ ഒരു പുനരുദ്ധാരണ ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വ്യവസായ വകുപ്പിന്റെ അധീനതയിൽ ഉള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ നയരൂപീകരണത്തിന് സെക്ടർ തിരിച്ചുള്ള കമ്മിറ്റികൾ രൂപീകരിച്ചു വരുന്നു.

33 (535) ബാംബൂ ബോർഡ് ഫാക്ടറി

ശ്രീ. പാലോട് രവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly